പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2181 **27-10-2026-ൽ മറുപടിയ്ക്ക്**

കേരള സർവകലാശാല ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെയുള്ള ലാത്തിച്ചാർജ്ജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) 2026 സെപ്റ്റംബർ 30-ന് തിരുവനന്തപുരത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ കേരള സർവകലാശാലാ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെ തീപ്പന്തം എറിഞ്ഞ് ആക്രമണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഹോസ്റ്റലിലെ അന്തേവാസികളായ വിദ്യാർത്ഥികൾക്ക് നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ മാധ്യമങ്ങളിൽ ഈ ലാത്തിച്ചാർജുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ പ്രചരിച്ചതിനെത്തുടർന്ന് സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ സംഭവത്തിൽ കുറ്റക്കാരായ എത്ര പൊലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നുവരികയാണ്.

(സി) സംസ്ഥാനത്തെ പ്രമുഖ വിദ്യാർഥി സംഘടനയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയെ കന്റോൺമെന്റ് പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഫോണിൽ വിളിക്കുകയും ഫോൺ സംഭാഷണത്തിൽ ആഭ്യന്തരമന്ത്രിയെ പരാമർശിക്കുകയും ചെയ്തതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മറുപടി: ഉണ്ട്. പ്രസ്തുത വിഷയത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി വിശദീകരണം ആവശ്യപ്പെടുകയും, ടിയാൻ മറുപടി സമർപ്പിച്ചിട്ടുള്ളതും തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി പേർസണൽ ഹിയറിങ്ങിന് നിർദേശം നൽകിയിട്ടുള്ളതുമാണ്. നിലവിൽ അവധിയിലുള്ള ഉദ്യോഗസ്ഥൻ ജോലിയിൽ തിരികെ പ്രവേശിക്കുന്ന മുറയ്ക്ക് പേഴ്സണൽ ഹിയറിംഗ് നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ